**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 632** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ നേതൃത്വത്തിലുള്ള സംരംഭക വർഷം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | 2022-23 സംരംഭക വർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ച കൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ലക്ഷം സംരംഭങ്ങൾ എന്ന ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തി വരുന്നു.<br><br>30/3/2022 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണസ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫെഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്.<br><br>പദ്ധതി നടത്തിപ്പിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപന പ്രദേശങ്ങളിലും, സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്.<br><br>തുടർന്ന് ഓഗസ്റ്റ് -സെപ്റ്റംബര് മാസങ്ങളിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വായ്പ/ ലൈസൻസ്/ സബ്സിഡി മേളകൾ നടത്തി**.** വായ്പാ മേളയുടെ ഭാഗമായി ലഭിച്ച **5556** അപേക്ഷകളിൽ **(297** കോടി രൂപ മൂല്യം) **108** കോടി രൂപയുടെ വായ്പകൾ അനുവദിച്ചു. മേളയുടെ ഭാഗമായി **4919** |

ലൈസൻസുകൾക്കും **1059** സബ്സിഡികൾക്കുമുള്ള അപേക്ഷകളും പരിഗണിച്ചു.

ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 2023 ജനുവരി 30 വരെ 127,214 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്ന തിനായി വ്യവസായ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്

1. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും **1153** പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്.
2. സംസ്ഥാനത്തെ **1034** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.
3. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.
4. സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നിയമസഭാ സാമാജികർക്കുള്ള ശിൽപ്പശാല **2022** ജൂലൈയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിൽ വച്ച് നടത്തുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ സംരംഭക വർഷം പദ്ധതിയുടെ നിയമസഭാ അടിസ്ഥാനത്തിലുള്ള പുരോഗതി വിലയിരുത്തൽ എല്ലാ നിയമസഭാ സാമാജികരും അവരവരുടെ മണ്ഡലത്തിൽ നിർവ്വഹിക്കുന്നതിന് തീരുമാനിച്ചു. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മണ്ഡലതല അവലോകന യോഗങ്ങൾ നടത്തി വരുന്നു
5. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ

ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

6. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള **59** താലൂക്ക് വ്യവസായകേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും**,** അവിടെയെല്ലാം താലൂക്ക് റിസോഴ്സ്പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും **(14)** ജില്ലാ റിസോഴ്സ്പേഴ്സൺമാരെ നിയമിച്ചു.
7. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും **4%** പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി **(SLBC)** ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം **(KELS)** അവതരിപ്പിച്ചു.
8. എല്ലാ ജില്ലകളിലും എം എസ് എം ഇ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.
9. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം വഴി **10** ഏക്കറിന് മുകളിൽ സ്ഥലം കൈവശമുള്ള സ്വകാര്യ മേഖലയിലുള്ള വ്യവസായികൾക്ക് വ്യവസായിക പാർക്കുകൾ ആരംഭിക്കാനുള്ള പെർമിറ്റ് നൽകി തുടങ്ങി.
10. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പ്പന്നങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതാത് തദ്ദേശ സ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്**,** താല്പര്യമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ**,** ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (**One Local body One Product-OLOP)** എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചു കൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ **447** തദ്ദേശ സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ തിരഞ്ഞെടുത്തു കഴിഞ്ഞു.
11. കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ

| | | | |
|---|---|---|---|
| | | | സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നതിനു സഹായിക്കുന്നതിനായി **കേരള ബ്രാൻഡ്** സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി **Open Network for Digital Commerce (ONDC)** യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.<br>12. സംസ്ഥാനത്തെ ഭൗമ സൂചിക **(GI)** ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി. ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചു. ഭൗമ സൂചിക ലഭിച്ചിട്ടുള്ള കേരളത്തിൽ നിന്നുള്ള ഉല്പാദകരുടെ ഒരു സംഗമം ഇതിന്റെ ഭാഗമായി 2023 ജനുവരി മാസം നടത്തി.<br>13. വിദേശത്തുള്ള മലയാളികളെ സംരഭകത്വത്തിന്റെ വിവിധ മേഖലകളെ കുറിച്ച് ബോധവാന്മാർ ആക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അത് വഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി ശില്പശാല **2023** ജനുവരി മാസത്തിൽ നടത്തി.<br>14. തദ്ദേശ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയ്ക്ക് കീഴിൽ പ്രോജക്ടുകൾ കണ്ടെത്തുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ഒരു കാമ്പയിൻ 2023 ജനുവരി - ഫെബ്രുവരി മാസങ്ങളിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്നും ഏതൊക്കെ സ്ഥാപനങ്ങളിൽ എത്ര പേർക്ക് തൊഴിലവസരങ്ങൾ നൽകി എന്നതിന്റെയും വിശദവിവരം ലഭ്യമാക്കാമോ; | (ബി) | 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം 273931 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും 7710.85 കോടി രൂപയുടെ നിക്ഷേപം ഉണ്ടാവുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി 2022-23 വർഷം പുതുതായി ആരംഭിച്ച 1,27,214 സംരംഭങ്ങൾ മുഖേനയാണ് ഇത്രയും നിക്ഷേപവും തൊഴിലവസരങ്ങളും ഉണ്ടായിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്തെത്തിയത് എന്ന് വ്യക്തമാക്കാമോ; ഏതൊക്കെ സ്ഥാപനങ്ങൾ എത്ര രൂപയാണ് നിക്ഷേപിച്ചത് എന്ന വിശദവിവരവും ലഭ്യമാക്കാമോ? | (സി) | 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം 273931 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും 7710.85 കോടി രൂപയുടെ നിക്ഷേപം ഉണ്ടാവുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി 2022-23 വർഷം പുതുതായി ആരംഭിച്ച 1,27,214 സംരംഭങ്ങൾ മുഖേനയാണ് ഇത്രയും നിക്ഷേപവും തൊഴിലവസരങ്ങളും ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ